6601
10/6/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - തെരുവു കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച കാര്യങ്ങളിലും മറ്റും തീരുമാനമെടുക്കുന്നതിന് സർവ്വേ നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 315/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 04.06.2015.

==========================================================================

പരാമർശം:- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 10.04.2015-ലെ CRMP No. 2906/LA1/SZ/2014/KeSCPCR നമ്പർ ഉത്തരവ്.

**ഉത്തരവ്**

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കുട്ടികളുടെ വിദ്യാഭ്യാസ അവകാശ സംരക്ഷണത്തിന്റെ ഭാഗമായും തൊഴിൽ മേഖലകളിൽ കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്നതിന് തടയിടുന്നതിനും തെരിവുകുട്ടികൾ എന്ന പ്രതിഭാസം കേരളത്തിൽ നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടിയും അനുദിന സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലാതായിരിക്കുന്ന കുട്ടികളെ സംബന്ധിച്ച് കേരളമൊട്ടാകെ ഒരു സർവ്വേ പോലീസിന്റെയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും, ചൈൽഡ് ലൈൻ, സോഷ്യൽ വർക്ക് കോളേജുകൾ, ഇതര സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സർവ്വേയുടെ രൂപരേഖ തയ്യാറാക്കുന്നതിനും സർവ്വേ നടത്തിപ്പിനുമായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത സർവ്വേയുടെ രൂപരേഖ ഒരുമാസത്തിനകം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
5. ആഭ്യന്തര വകുപ്പ്
6. പൊതുവിദ്യാഭ്യാസ വകുപ്പ്
7. തദ്ദേശസ്വയംഭരണ വകുപ്പ്
8. തൊഴിൽ വകുപ്പ്
9. വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
10. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.